1. മെ. വരുണ അക്വാ പ്രൈ. ലിമിറ്റഡ്, പ്ലോട്ട് നം.43, കിൻഫ്ര പാർക്ക്, തുമ്പ, കഴക്കൂട്ടം (ഭൂഗർഭ ജലം കുപ്പികളിലാക്കി വിൽക്കുന്നു).

2. മെ. സൂര്യ ഇൻഡസ്ട്രീസ്, കല്ലാർവായി, പേപ്പാറ ഡാം, വിതുര, നെടുമങ്ങാട് (ഭൂഗർഭ ജലം കുപ്പികളിലാക്കി വിൽക്കുന്നു).

3. മെ. കാവിൽ ഇൻഡസ്ട്രീസ്, നെടുമ്പറമ്പ്, കിളിമാനൂർ (കിണർജലം കുപ്പികളിലാക്കി വിൽക്കുന്നു).

(ഡി) വ്യവസായ വകുപ്പ് പഠനമൊന്നും നടത്തിയിട്ടില്ല.

കൈത്തറി വസ്ത്രവിപണിയിൽ വ്യാജ ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം തടയുന്നതിന് നടപടി

154 (6326) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൈത്തറി വസ്ത്ര വിപണിയിൽ വ്യാജ ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇപ്പോൾ കൈത്തറി വസ്ത്രവിപണിയിൽ ഏതൊക്കെ തരത്തിലുള്ള വ്യാജ ഉൽപ്പന്നങ്ങളാണുള്ളത് എന്നറിയിക്കുമോ ;

(സി) സംസ്ഥാനത്തിന് പുറത്തു നിന്നുള്ള ഇത്തരം ഉൽപ്പന്നങ്ങൾ സംസ്ഥാനത്ത് പ്രവേശിപ്പിക്കുന്നത് തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ഡി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന എല്ലാ കൈത്തറി ഉൽപ്പന്നങ്ങൾക്കും ഹാന്റ്ലൂം മാർക്ക് നൽകുന്നതിനാവശ്യമായ രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഇത്തരം വ്യാജ ഉൽപ്പന്നങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിനാവശ്യമായ പരസ്യ പ്രചരണങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കൈത്തറി വസ്ത്ര വിപണിയിൽ വ്യാജ ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം തടയുന്നതിന് പ്രധാനമായ പരിഹാരം "ഹാന്റ്ലൂം മാർക്ക്" പ്രോത്സാഹിപ്പിക്കുകയാണ്. ഹാന്റ്ലൂംമാർക്ക് രജിസ്ട്രേഷൻ എല്ലാ കൈത്തറി സഹകരണ സംഘങ്ങൾക്കും ലഭ്യമാക്കാൻ സർക്കാർ ഒരു പദ്ധതി ആസൂത്രണം ചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം നിലവിൽ ഹാന്റ് ലൂംമാർക്ക് രജിസ്ട്രേഷൻ ഇല്ലാത്ത എല്ലാ കൈത്തറി സംഘങ്ങൾക്കും, ഹാന്റക്സ്/ ഹാൻവീവ് എന്നിവയ്ക്കും രജിസ്ട്രേഷൻ ഫീസും വാങ്ങുന്ന ലേബലുകളുടെ വിലയുടെ 75 ശതമാനവും സർക്കാർ തിരികെ നൽകുന്നു. ഈ പദ്ധതിയിലൂടെ മുഴുവൻ കൈത്തറി സംഘങ്ങളുടേയും ഉല്പന്നങ്ങൾ "ഹാന്റ് ലൂം മാർക്ക്" മുദ്ര യോടെ വിപണിയിലെത്തിക്കാനും ഇതുവഴി വ്യാജ ഉല്പന്നങ്ങളുടെ വിപണിയെ തടയാനും കഴിയും. അതിനുപുറമേ കേരളത്തിലെ പ്രമുഖ കൈത്തറി ബ്രാന്റു കളായ ചേന്ദമംഗലം, കുത്താമ്പുള്ളി, കാസർഗോഡ്, ബാലരാമപുരം തുടങ്ങി യവയെ ഭൗമസൂചക രജിസ്ട്രേഷൻ ആക്ടിന് (Geographical Indication Act) കീഴിൽ കൊണ്ടുവന്ന് അവയുടെ ബൗദ്ധിക സ്വത്തവകാശം സംരക്ഷിക്കുന്ന തിനും നടപടിയെടുത്തിട്ടുണ്ട്. ഇവയിൽ ബാലരാമപുരം കൈത്തറിക്ക് രജി സ്ട്രേഷൻ ലഭിച്ചുകഴിഞ്ഞു. മറ്റുള്ള ഉല്പന്നങ്ങൾക്ക് ഈ വർഷം തന്നെ രജി സ്ട്രേഷൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ആക്ടിന് കീഴിൽ രജിസ്ട്രേഷൻ ലഭിക്കുന്ന ഉല്പന്നങ്ങൾക്ക് അവ വ്യാജമായി ഉല്പാദിപ്പിക്കുന്നതിനെതിരെയും പകർത്തുന്നതിനെതിരെയും നിയമപരമായ സംരക്ഷണം ലഭിക്കുന്നതാണ്. കൂടാതെ സംവരണം ചെയ്യപ്പെട്ട കൈത്തറി ഇനങ്ങൾ വ്യാജമായി ഉല്പാദിപ്പി ക്കുന്നതിനെതിരെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനവും നടന്നു വരുന്നു.

(ബി) കൈത്തറി വസ്ത്രവിപണിയിൽ ഉണ്ടെന്ന് ആരോപിക്കപ്പെടുന്ന വ്യാജ ഉല്പന്നങ്ങൾ രണ്ടുതരത്തിലുള്ളതാണ്. ഒന്നാമത്തേത് കേരളത്തിലെ കൈത്തറി ഉല്പന്നങ്ങൾ എന്ന വ്യാജേന അയൽ സംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടുവന്ന് വിൽപന നടത്തുന്ന ഉല്പന്നങ്ങൾ, രണ്ടാമത്തേത് യന്ത്ര ത്തറിയിൽ നിർമ്മിച്ച ഉല്പന്നങ്ങൾ കൈത്തറി ഉല്പന്നങ്ങൾ എന്ന വ്യാജേന വിൽപന നടത്തുന്നവ. ഇതിൽ രണ്ടാമതായി പറഞ്ഞതിനെതിരെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിവരുന്നു.

(സി) ഇക്കാര്യത്തിൽ നയപരമായ ഒരു തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

(ഡി) സർക്കാർ ഇതിനായി ആവിഷ്ക്കരിച്ച പദ്ധതി പ്രകാരം എല്ലാ കൈത്തറി സഹകരണ സംഘങ്ങൾക്കും ഹാന്റക്സ്/ഹാൻവീവ് എന്നിവയ്ക്കും രജിസ്ട്രേഷൻ ഫീസ് 100 ശതമാനവും, വാങ്ങുന്ന ലേബലുകളുടെ വിലയുടെ 75 ശതമാനവും തിരിച്ചു നൽകാൻ പദ്ധതിയുണ്ട്. 2010-11 സാമ്പത്തിക വർഷ ത്തിൽ 10 ലക്ഷം രൂപ ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രയോജനപ്പെടുത്തി, ഹാന്റ് ലൂം മാർക്ക് രജിസ്ട്രേഷൻ നേടിയിട്ടില്ലാത്ത മുഴുവൻ കൈത്തറി സംഘങ്ങളേയും നടപ്പുവർഷത്തിൽ തന്നെ രജിസ്ട്രേഷനു കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പവർ ടില്ലറും മാർക്കിനെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം വളർത്തുന്നതിന് ടെക്സ്റ്റൈൽസ് കമ്മിറ്റി പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ എൻഹോഴ്സ്മെന്റ് പ്രവർത്തനത്തിന്റെ ഭാഗമായും ഇത്തരത്തിൽ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചു വരുന്നു.

കൈത്തറി മേഖലയുടെ വികസനം

155 (6327) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൈത്തറി മേഖലയുടെ വികസനത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കൈത്തറി മേഖലയ്ക്ക് ആവശ്യമായ നൂൽ സംസ്കരണം നടത്തുന്നതിനുള്ള പ്രോജക്ട് പൂർണ്ണ നിലയിൽ കോഴിക്കോട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) സംസ്കരണ പ്രവർത്തനങ്ങൾക്ക് എന്തൊക്കെ സംവിധാനങ്ങളാണ് അവിടെ സജ്ജമാക്കിയിട്ടുള്ളത് ;

(ഡി) ഡൈയിംഗ്, സൈസിംഗ്, വാർപ്പിംഗ്, വൈൻഡിംഗ് എന്നീ സംസ്കരണ പ്രവർത്തനങ്ങൾക്കുള്ള എന്തൊക്കെ സൗകര്യങ്ങൾ ഇവിടെ ലഭ്യമാക്കിയിട്ടുണ്ട് ;

(ഇ) സംസ്ഥാനത്ത് മറ്റ് എവിടെയൊക്കെയാണ് ഇത്തരം സംസ്കരണ പ്രവർത്തനങ്ങൾക്കുള്ള സൗകര്യം ഉള്ളത് ;

(എഫ്) കൂടുതൽ സ്ഥലങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൈത്തറി മേഖലയ്ക്ക് ആവശ്യമായ പ്രധാന അസംസ്കൃത വസ്തുവായ കഴിനൂലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിലും ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിലും കഴിനൂൽ നിർമ്മാണ കേന്ദ്രങ്ങൾ ആരംഭിക്കുകയുണ്ടായി. തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ ഈ വർഷം ഡിസംബർ മാസത്തോടുകൂടി ഇത്തരം കേന്ദ്രം നിലവിൽ വരുന്നതാണ്.

കൂടാതെ കഴിനൂൽ, പവായം, രാസവസ്തുക്കൾ എന്നിവയ്ക്ക് സർക്കാർ സബ്സിഡി നൽകിക്കൊണ്ട് അവ വിലകുറച്ച് ലഭ്യമാക്കാൻ കൈത്തറി സഹകരണ സംഘങ്ങളെ സഹായിക്കുന്നു. ഇത്തരം അസംസ്കൃത വസ്തുക്കൾ

LIBRARY ARCHIVES Kerala Legislative Assembly